താഴെ വിവരിക്കുന്ന റോഡുകളുടെയും ജംഗ്ഷനുകളുടേയും വികസനവും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സർക്കാർ ലക്ഷ്യമിടുന്നുണ്ട്.

1. സി.സി.എസ്.ബി.
2. സി.സി.എൻ.ബി.
3. സിറിയൻ ചർച്ച് റോഡ്.
4. അമ്പലപ്പുഴ ബ്രാഞ്ച് റോഡ്.
5. വഴിച്ചേരി റോഡ്.
6. തിരുവമ്പാടി ജംഗ്ഷൻ - കോൺവന്റ് സ്കൂയർ ജംഗ്ഷൻ (വലിയകുളം വഴി).
7. വലിയകുളം ജംഗ്ഷൻ റോഡ്.
8. മെഡിക്കൽ കോളേജ് ജംഗ്ഷൻ മുതൽ കളക്ടറേറ്റ് ജംഗ്ഷൻ വരെ.
9. ഡബ്ല്യു.സി.എൻ.ബി.
10. ആലപ്പുഴ - തണ്ണീർമുക്കം റോഡ്.

(എഫ്) ആർ.ഒ.ബി.കളുടെ നിർമ്മാണം വൈകുന്നതിനാൽ ആലപ്പുഴ ബൈപ്പാസിന്റെ പൂർത്തീകരണം അനന്തമായി നീളുകയാണ്. അതിനാൽ NH ബൈപ്പാസിന് സമാന്തരമായി റെയിൽവേ ലൈനിന്റെ കിഴക്കുവശത്തുകൂടി മാളികമുക്കിന് സമീപമുള്ള ഗാന്ധി ജംഗ്ഷനിൽ നിന്നും ആരംഭിച്ച് കുതിരപ്പന്തിയിലെത്തുന്ന 5.5 കി.മീ. നീളമുള്ള ഒരു സമാന്തര പാതയുടെ നിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

എൻ.എച്ച്. 47-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

175 (5880) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. എച്ച്.47-ന്റെ വികസനവുമായി ബന്ധപ്പെട്ട് ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ ഇന്ന് നിലവിലുള്ള ക്രോസ്സ് ട്രാഫിക് അടഞ്ഞുപോകുമെന്നും അതിലൂടെ ഉള്ള ഗതാഗതം ഇല്ലാതാകുമെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു പരിഹരിക്കുവാൻ ചാലക്കുടി കോടതി ജംഗ്ഷനിൽ സിഗ്നൽ സിസ്റ്റം അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ അടിപ്പാത നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതുകൊണ്ട് ചാലക്കുടി കോടതി ജംഗ്ഷനിൽ സിഗ്നൽ സിസ്റ്റം അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല.

റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ള റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വരുന്ന ചെലവ്

176 (5881) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :- താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവപല്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്തിട്ടുള്ള റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആകെ എത്ര കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കുന്നത് ; ഇവയിൽ എല്ലാ മേൽപ്പാലങ്ങളും ടോൾ അടിസ്ഥാനത്തിലാണോ പ്രവർത്തിക്കുക എന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഈ വർഷം ഇവയിൽ ഏതൊക്കെ റെയിൽവേ മേൽപ്പാലങ്ങളുടെ പണി പൂർത്തിയാക്കാനാകും എന്നാണ് കരുതുന്നത് ;

(സി) ഇവയുടെ നിർമ്മാണ നടത്തിപ്പിന് എന്തൊക്കെ സബ്സിഡികളാണ് സർക്കാർ അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആർ.ബി.ഡി.സി.കെ. പുതിയതായി നിർമ്മാണം ഏറ്റെടുത്തിട്ടുള്ള പരപ്പനങ്ങാടി, പാലക്കാട്, സുൽത്താൻപെട്ട്, കൈനാട്ടി, പയ്യന്നൂർ, മുളംകുന്നത്ത്കാവ് എന്നീ മേൽപ്പാലങ്ങൾക്ക് ആകെ 53.33 കോടി രൂപാ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ കൈനാട്ടി, പയ്യന്നൂർ, മുളംകുന്നത്ത്കാവ് എന്നീ മേൽപ്പാലങ്ങളുടെ റെയിൽവേ ഭാഗം റെയിൽവേയാണ് ചെയ്യുന്നത്. കൂടാതെ പണി നടന്നുകൊണ്ടിരിക്കുന്ന കൊരട്ടി, ബേക്കൽ, അത്താണി എന്നീ പാലങ്ങളുടെ നിർമ്മാണ ചെലവായി ഏകദേശം 7 കോടി രൂപ കൂടി വേണ്ടിവരും. ഈ പാലങ്ങളെല്ലാം ടോൾ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

(ബി) ഈ വർഷം കൊരട്ടി, ബേക്കൽ, അത്താണി എന്നീ മേൽപ്പാലങ്ങൾ പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു.

(സി) തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly